# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - kstatvm@gmail.com**

---

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 02-06-2012

## സൗജന്യ യൂണിഫോം - എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികൾക്ക് നിഷേധിച്ചതിൽ പ്രതിഷേധിക്കുക

**കെ.എസ്.ടി.എ**

**(2012 ജൂൺ 7 ന് സബ്ജില്ലാ കേന്ദ്രങ്ങളിൽ പ്രതിഷേധപ്രകടനം)**

സൗജന്യ യൂണിഫോം എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികൾക്ക് നിഷേധിച്ചതിൽ കെ.എസ്.ടി.എ സംസ്ഥാന കമ്മിറ്റി പ്രതിഷേധിച്ചു. 8-ാം ക്ലാസ് വരെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും യൂണിഫോം സൗജന്യമായി നൽകുമെന്നാണ് സർക്കാർ പ്രഖ്യാപിച്ചിരുന്നത്. എസ്.എസ്.എ ഫ് എയ്ഡഡ് സ്കൂളിലെ കുട്ടികൾക്ക് വിനിയോഗിക്കാൻ കഴിയില്ലെന്ന കാരണം പറഞ്ഞാണ് ഒഴിവാക്കിയിരിക്കുന്നത്. സൗജന്യപാഠപുസ്തകം എല്ലാ കുട്ടികൾക്കും നൽകുന്നത് എസ്.എസ്.എ ഫ് ഉപയോഗിച്ചാണ്. പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും ഈ ആനുകൂല്യം കിട്ടാതിരുന്നതും സർക്കാരിന്റെ അനാസ്ഥമൂലമാണ്. മറ്റു സംസ്ഥാനങ്ങളിൽ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും സൗജന്യ യൂണിഫോം നൽകുന്നു്. സർക്കാർ സ്കൂളിലാകട്ടെ എല്ലാ ആൺകുട്ടികൾക്കും നൽകുന്നില്ല. കേരളത്തിൽ 28 ലക്ഷം കുട്ടികളാണ് എട്ടാംതരംവരെ പഠിക്കുന്നത്. അതിൽ 9.37 ലക്ഷം കുട്ടികൾക്കുമാത്രമാണ് യൂണിഫോം നൽകുന്നത്. യൂണിഫോം വിതരണം യഥാസമയം നടത്താനുള്ള നടപടികളൊന്നുംതന്നെ ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. സ്കൂൾ തുറക്കുമ്പോൾ യൂണിഫോം ഇല്ലാതെയായിരിക്കും കുട്ടികൾ ഹാജരാകുന്നത്. വിദ്യാലയവർഷം ആരംഭിച്ചപ്പോൾതന്നെ കുട്ടികളോട് വിവേചനം കാണിച്ച സർക്കാർ നിലപാടിൽ പ്രതിഷേധിച്ചുകൊ് ജൂൺ 7 ന് എല്ലാ സബ്ജില്ലാകേന്ദ്രങ്ങളിലും പ്രതിഷേധപ്രകടനം നടത്താൻ കെ.എസ്.ടി.എ ജനറൽ സെക്രട്ടറി എം.ഷാജഹാൻ എല്ലാ അധ്യാപകരോടും അഭ്യർത്ഥിച്ചു.

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി